"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - ജീവനക്കാര്യം - ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് തസ്തികയിൽ കോട്ടയം മഹാത്മാഗാന്ധി സർവകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II, ശ്രീമതി സുമ സി.-യെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.738/2025/LBR തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:- 1. 10/05/2013 ലെ 42/2013/ധന നമ്പർ സർക്കുലർ.

2. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/05/2025-ലെ TWWFB/CEO/229/2025-B1 നമ്പർ കത്ത്.

**ഉത്തരവ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഒഴിവുള്ള സീനിയർ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ സീനിയർ ക്ലർക്ക്, ശ്രീ.ജി.കെ. അനിൽകുമാർ, കോട്ടയം മഹാത്മാഗാന്ധി സർവകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II, ശ്രീമതി സുമ സി., തൃശ്ശൂർ ചേലക്കര സർക്കാർ പോളിടെക്നിക് കോളേജിലെ ക്ലർക്ക്, ശ്രീമതി അനീഷ അംബ്രോസ്, തൃശ്ശൂർ ചേർപ്പ് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II, ശ്രീമതി ആർഷ സി.ജി. എന്നിവർ സമർപ്പിച്ച അപേക്ഷകൾ ടി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോട്ടയം മഹാത്മാഗാന്ധി സർവകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II ആയ ശ്രീമതി സുമ സി.-യെ, അന്യത്രസേവന നിയമനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശം (1) സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള നിയമന ഉത്തരവ് ലഭിച്ചതിനു ശേഷം മാത്രമേ ശ്രീമതി സുമ സി.-യെ മാതൃവകുപ്പിൽ നിന്നും വിടുതൽ ചെയ്യുവാൻ പാടുള്ളൂ. കെ.എസ്.ആർ. ഭാഗം I, ചട്ടം 144 പ്രകാരമുള്ള ടിയാളുടെ സ്റ്റേറ്റ്മെന്റ് മാതൃവകുപ്പ് നേരിട്ട് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരത്തിന് യഥാവിധി പൂരിപ്പിച്ചു നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീജ ആർ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം.
ശ്രീമതി സുമ സി., കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II (മഹാത്മാഗാന്ധി സർവകലാശാല രജിസ്ട്രാർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. LBRD-H1/89/2025-LBRD).

ഉത്തരവിൻ പ്രകാരം

Signed by
Arun S R
സെക്ഷൻ ഓഫീസർ
Date: 19-06-2025 14:33:49

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.